പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് ചെലവഴിച്ച തുക

10 [2047] *ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിന് വേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവാക്കി ; പ്രസ്തുത കാലയളവിൽ എന്തെല്ലാം പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് വി.ആർ.എസ്. നൽകി ; അതിന് എത്ര തുക നൽകി എന്നു വ്യക്തമാക്കുമോ ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവനക്കാർക്കും തൊഴിലാളികൾക്കും വി.ആർ.എസ്. നൽകി ; ഇവർക്ക് വി.ആർ.എസ്. നടപ്പിലാക്കിയപ്പോൾ നൽകുവാനുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവർക്ക് ഓരോരുത്തർക്കും ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവർക്ക് നൽകുവാനുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ;

(ഇ) ഇനി പ്രസ്തുത കമ്പനിയിൽ എത്ര തൊഴിലാളികൾ ഉണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിനായി 531.54 ലക്ഷം രൂപ ചെലവാക്കി. ഇവയുടെ വിശദാംശം ഇപ്രകാരമാണ് :

1.	അസംസ്കൃത സാധനങ്ങൾ വാങ്ങിയ ഇനത്തിൽ കൂടിശ്ശിക ചെലവ്	രൂ. 78.70 ലക്ഷം
2.	ഫാക്ടറി മെയിന്റനൻസിനും-മെഷിനറി വാങ്ങിയതിനുംകൂടി.	18.00 ലക്ഷം
3.	ഇ. പി. എഫ്. ഇ.എസ്.ഐ.-കുടിശ്ശിക	76.00 ലക്ഷം
4.	വി.ആർ.എസ്./മറ്റ് അനുബന്ധ ചെലവുകൾ	285.00 ലക്ഷം
5.	അസംസ്കൃത സാധനങ്ങൾ വാങ്ങിയതിന്	73.84 ലക്ഷം
	ആകെ	രൂ. 531.54 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ 148 പേർക്ക് വി.ആർ.എസ്. നൽകി. ഇതിന് 285 ലക്ഷം രൂപ ചെലവായി.

(സി) 255 പേർ വി. ആർ. എസ്.-ൽ പിരിഞ്ഞുപോയി. അവർക്കുള്ള വി.ആർ.എസ്. തുക, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ. കൂടാതെ പി.എഫ്. എന്നീ ഇനത്തിലായി 6.56 കോടി രൂപ നൽകി. ഇനി കമ്പനി നൽകിയ അപേക്ഷ അനുസരിച്ച് നോട്ടീസ് പേ (12.74 ലക്ഷം രൂപ), ലീവ് ആനുകൂല്യങ്ങൾ (40.46 ലക്ഷം രൂപ, ശമ്പള കുടിശ്ശിക (3.76 കോടി രൂപ), ബോണസ് കുടിശ്ശിക (9.89 ലക്ഷം രൂപ) എന്നീ ഇനത്തിലായി 4.40 കോടി യോളം രൂപ നൽകാനുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) കമ്പനിയുടെ ദൈനംദിന പ്രവർത്തനത്തിനും സംരക്ഷണത്തിനുംവേണ്ടി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ കൂടാതെ 3 അഡ്മിനിസ്ട്രേറ്റീവ് ജീവന ക്കാരും 11 സെക്യൂരിറ്റി ജീവനക്കാർ കരാർ വ്യവസ്ഥയിലും ജോലി നോക്കുന്നു.

പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറി

11 [2048] ശ്രീ.പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറി സ്വകാര്യമേഖലയ്ക്ക് വിൽക്കു വാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് തീരുമാനമെടുത്തത് ; ഇപ്പോൾ വില്പന സംബന്ധിച്ച പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് ഏത് ഏജൻസി ആണ്;

(ബി) വിൽപ്പന സംബന്ധിച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ; അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫാക്ടറി വക എത്ര ഏക്കർ സ്ഥലം ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥലം, ഓഫീസ് കെട്ടിടം, ഫാക്ടറി കെട്ടിടം, ഫർണിച്ചർ, മെഷിനറി, ഉൽപ്പന്ന സ്റ്റോക്ക്, അസംസ്കൃത തടി എന്നിവ ഓരോന്നിനും എത്ര തുക ആണ് മതിപ്പുവില കണക്കാക്കിയിട്ടുള്ളത് ;

(ഇ) പ്രസ്തുത മതിപ്പുവില നിശ്ചയിച്ചത് ആരാണ് ; അതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആന്റ് (ബി) പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാൻ സർക്കാർ നിയോഗിച്ച ഇ.ആർ.സി. (എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി) പുനലൂരിലുള്ള ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിനെ സംബന്ധിച്ച് ശുപാർശയുടെ അടിസ്ഥാന ത്തിൽ, സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി പുനരുദ്ധരിക്കുന്നതിന് തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ റിയാബ് സ്വീകരിച്ചു വെങ്കിലും അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly